# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## മക്കളെ എത്രമാത്രം ദൈവകരങ്ങളിൽ ഭാരമേല്പ്പിക്കുന്നുവോ അത്രയും ദൈവപരിപാലന അവർക്കുണ്ടാകും



നിങ്ങൾ കുടുംബനാഥനോ നാഥയോ ആയാൽ ദൈവം നിങ്ങൾക്കു നല്കുന്ന സന്താനങ്ങളുടെ കാര്യത്തിലും ആൺകുട്ടിയോ പെൺകുട്ടിയോ എന്നുള്ള വിവേചനയുടെ കാര്യത്തിലും ദൈവതിരുമനസ്സിനോടു പൂർണ്ണമായി അനുരൂപപ്പെടണം. വിശ്വാസത്തിന്റെ അരൂപിയാൽ പ്രചോദിതരായിരുന്നപ്പോൾ വലിയ കുടുംബങ്ങളെ ദൈവത്തിന്റെ ദാനവും സ്വർഗ്ഗത്തിൽ നിന്നുള്ള അനുഗ്രഹവുമായി ആളുകൾ കരുതിയിരുന്നു. തങ്ങളുടെ മക്കളുടെ പിതാവായി ദൈവത്തെത്തന്നെ അവർ കണ്ടിരുന്നു. പക്ഷെ, ഇപ്പോൾ ആ വിശ്വാസം ക്ഷയിച്ചിരിക്കുന്നു. ദൈവത്തെ മാറ്റി നിറുത്തിയുള്ള ഒരു ജീവിതമാണ് ഇന്ന് പലരും നയിക്കുന്നത്. ഒരുവേള ദൈവത്തെപ്പറ്റി ഓർത്താൽ അത് ആ ദൈവത്തെ ഭയപ്പെടുന്നതിനു വേണ്ടിയത്രേ അവിടുത്തെ പരിപാലനയിൽ ആശ്രയിക്കുന്നതേയില്ല.

തങ്ങളുടെ കുടുംബഭാരം മുഴുവനും ദൈവത്തെകൂടാതെ തനിയെ വഹിക്കാൻ അവർ ഉദ്യമിക്കുന്നു. ഒരുവൻ എത്ര വലിയ ധനികനാണെങ്കിലും അവന്റെ സ്വത്തുക്കൾക്ക് യാതൊരുവിധ കോട്ടവും തട്ടുകയില്ല. എന്നുതോന്നിയാലും അവക്കെല്ലാം ഒരു പരിധിയും അനിശ്ചിതത്വവും ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കരുത്. എല്ലാവിധ സൗഭാഗ്യത്തോടും കൂടി ജീവിക്കുന്നവരും അവരുടെ കുടുംബത്തിൽ അംഗസംഖ്യ ഒന്നു കൂടിയാൽ എതോ ദുരന്തം വന്നുഭവിച്ചതുപോലെ വിഭ്രാന്തിയോടുകൂടി അതിനെ വീക്ഷിക്കുന്നു. മക്കൾ കടുത്ത പ്രത്യാശയോടുകൂടി അവിടുത്തെ തിരുമനസ്സിനു കീഴ്വഴങ്ങുന്നവരെ പിതൃതുല്യമായ വാത്സ്യലത്തോടുകൂടിയാണ് ദൈവം പരിപാലിക്കുന്നത്. "നിങ്ങൾക്കു ആവശ്യമുള്ളതെല്ലാം സദാ സമൃദ്ധമായി ഉണ്ടാകാനും സല്കൃത്യങ്ങൾ ധാരാളമായി ചെയ്യാനും ആവശ്യമായ എല്ലാ അനുഗ്രഹങ്ങളും സമൃദ്ധമായി നല്കാൻ കഴിവുള്ളവനാണ് ദൈവം" എന്ന വിശുദ്ധ പൗലോസ് പറഞ്ഞത് ഓരോ മാതാപിതാക്കൾക്കും പ്രചോദനമാകട്ടെ.

ദൈവത്തിന്റെ ഇടപെടൽ ലഭ്യമാകണമെങ്കിൽ ദൈവത്തിന്റെ പിതൃത്വവുമായി നാം സഹകരിക്കണം. നമ്മുടെ കുഞ്ഞുങ്ങളെ എപ്രകാരം വളർത്തണം എന്നു ദൈവം ആഗ്രഹിക്കുന്നുവോ അപ്രകാരം അവരെ വളർത്തുക; വിശിഷ്യാ നമ്മുടെ സന്മാതൃക വഴിയായി,

നമ്മുടെ മറ്റു അഭിലാക്ഷങ്ങളും സ്വപ്നങ്ങളും മാറ്റിവെക്കാനുള്ള ധൈര്യം സമ്പാദിക്കണം. ഈ ഒറ്റക്കാര്യം മാത്രമായിരിക്കട്ടെ നമ്മുടെ എല്ലാ അഭിലാഷങ്ങളുടെയും കേന്ദ്രബിന്ദു. അപ്പോൾ പിന്നെ നിങ്ങളുടെ കുട്ടികളുടെ എണ്ണം എത്രയായാലും സ്വർഗ്ഗീയ പിതാവ് അവരുടെ കാര്യങ്ങൾ നോക്കിക്കൊള്ളുമെന്ന് ഉറപ്പാണ്. അവരെ അവിടുന്ന് കാത്തുപരിപാലിക്കുകയും അവരുടെ നന്മക്കും സന്തോഷത്തിനും ആവശ്യമായവ എല്ലാം നടത്തിക്കൊടുക്കുകയും ചെയ്യും. എത്ര കൂടുതലായി ദൈവകരങ്ങളിൽ അവരെ ഭാരമേല്പ്പിക്കുന്നുവോ അത്രയും കൂടുതലായി അവിടുത്തെ പരിലാളനയും അവർക്കുണ്ടാകും.

ആകയാൽ നിങ്ങളുടെ മക്കളുടെ ഒരു കാര്യത്തെപ്പറ്റിയും ഉത്ക്കണ്ഠ വേണ്ട. അവരെ സുകൃതത്തിൽ വളർത്തിയാൽ മാത്രം മതി. ബാക്കി കാര്യം ദൈവം നോക്കിക്കൊള്ളും. ദൈവം അവർക്കായി ഒരുക്കിയിരിക്കുന്ന പാതയിലൂടെ ചരിക്കുവാൻ അവരെ സഹായിച്ചാൽ മാത്രം മതി. ദൈവത്തിൽ ആശ്രയിക്കുന്നത് അധികമായിപ്പോയി എന്നു ഭയപ്പെടേണ്ട. നേരെ മറിച്ച് ഒന്നിനൊന്നു കൂടുതൽ ദൈവത്തിൽ പ്രത്യാശവെയ്ക്കുക. അതായിരിക്കും ദൈവത്തിന് ഏറ്റവും പ്രീതികരമായ ബഹുമാനം. അതിന് ആനുപാതികമായിട്ടായിരിക്കും നിങ്ങൾക്കു ലഭിക്കുന്ന വരദാനങ്ങളുടെ അളവും. നിങ്ങൾ കൂടുതൽ പ്രത്യാശ അർപ്പിച്ചാൽ കൂടുതലായി ലഭിക്കും; അല്ലെങ്കിൽ കുറവായിട്ടും.